കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലൈ 30, ബുധൻ

വാല്യം : 119]	ഔദ്യോഗിക റിപ്പോർട്ട്	[നമ്പർ : 30

നിയമസഭ 2003 ജൂലൈ മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ....

ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

1 (*750) ശ്രീ. പി. ജെ. ജോയി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സി രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവൽക്കരണവും ഉദാരവൽക്കരണവും സംസ്ഥാനത്തെ ഏതെല്ലാം വിധത്തിൽ അനുകൂലമായും പ്രതികൂലമായും ബാധിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പ്രതികൂല ഘടകങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പാക്കി ;

(സി) ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുവാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ ?

451/14

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) ആഗോളവൽക്കരണവും ഉദാരവൽക്കരണവും മറ്റ് സംസ്ഥാനങ്ങളിലെന്ന പോലെ കേരളത്തിലെ എല്ലാ മേഖലകളേയും അനുകൂലമായും പ്രതികൂലമായും സ്വാധീനിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് ദോഷകരമായ ഘടകങ്ങൾ :

1. റബ്ബർ, നാളികേരം, തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഇറക്കുമതി ഇവിടത്തെ ഉത്പന്നങ്ങളുടെ വിലയിടിവിന് കാരണമാകുകയും സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.
2. വ്യത്യസ്ത മേഖലകളിൽ സ്ഥിരതയില്ലാത്ത തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവണത ഉളവാക്കി.
3. കാർഷികോൽപ്പന്നങ്ങളുടേയും പെട്രോളിയം ഉൽപ്പന്നങ്ങളുടേയും വിലയിൽ അസ്ഥിരതയുണ്ടാക്കി.

സംസ്ഥാനത്തിന് അനുകൂലമായ ഘടകങ്ങൾ താഴെപ്പറയുന്നു :

1. സംസ്ഥാനത്തിന്റെ വ്യത്യസ്ത വികസന മേഖലകളിൽ, ഉദാഹരണത്തിന് വിവരസാങ്കേതികവിദ്യാരംഗത്ത്, വിദേശ മുതൽമുടക്ക് ആകർഷിക്കാനും കൂടാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള സാദ്ധ്യതകൾ ഉണ്ടായി.
2. അന്താരാഷ്ട്ര വിപണിയിലെ മാൽസര്യം സംസ്ഥാനത്തു നിന്നുള്ള കയറ്റുമതി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.
3. വിദേശത്തുനിന്നുള്ള സാങ്കേതികവിദ്യ ലഭിക്കുന്നതിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും അവസരമുണ്ടാക്കി.
4. ഉദാരവൽക്കരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാനും അതുവഴി ഈ മേഖലയുടെ വിപുലീകരണത്തിനും സഹായിച്ചു.
5. വിദേശനാണ്യത്തിലുണ്ടായ മൂല്യവർദ്ധന കയറ്റുമതി വരുമാനം ഉയരുന്നതിന് കാരണമായി.
6. സംസ്ഥാനത്തെ വാർത്താവിനിമയ മേഖലയുടെ വികസനം സാദ്ധ്യമാക്കി.
7. വിദേശത്തു നിന്നുമുള്ള പണമടവിൽ ഗണ്യമായ വർദ്ധനയുണ്ടായി.
8. വിനോദസഞ്ചാരമേഖലയുടെ വളർച്ചയെ സഹായിച്ചു.

(ബി) ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദോഷഫലങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിക്കാതിരിക്കാൻ കൈക്കൊണ്ട് നടപടികൾ താഴെപ്പറയുന്നവയാണ് :

LIBRARY ARCHIVES Kerala Legislative Assembly

1. ലോകവ്യാപാര സംഘടനയുമായുള്ള കരാർ സംസ്ഥാനത്തുളവാക്കുന്ന ഗുണദോഷഫലങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി ശ്രീ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഒരു "ഡബ്ലിയു.ടി.ഒ." സെൽ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

2. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒരു 'അഗ്രിക്കൾച്ചറൽ എക്സ്പോർട്ട് സോൺ' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

3. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ദോഷഫലങ്ങൾ അനുഭവിക്കുന്ന പാവപ്പെട്ടവരെയും അഗതികളെയും കണ്ടെത്തി അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതി സോഷ്യൽ സേഫ്റ്റിനെറ്റ്-ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വനിതകൾക്ക് നൂതന രീതിയിലുള്ള തൊഴിലവസരങ്ങൾ നൽകുന്നതിനുള്ള പരിപാടികൾ കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്നു.

5. പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്നതിനുവേണ്ടി 50 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി തീർക്കുവാൻ കൈക്കൊണ്ട നടപടികൾ താഴെ പറയുന്നവയാണ് :

1. സംസ്ഥാനത്തിന്റെ വ്യത്യസ്ത വികസന മേഖലകളിൽ മുതൽമുടക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു 'ആഗോള നിക്ഷേപക സംഗമം' സംഘടിപ്പിച്ചു. (Global Investors Meet).

2. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആഗോള തലത്തിലുള്ള നൂതന സങ്കേതങ്ങൾ സ്വീകരിച്ചുകൊണ്ട് അവയെ വൈവിധ്യവൽക്കരിക്കുന്നതിനും സ്വകാര്യപങ്കാളിത്തം ഉറപ്പാക്കികൊണ്ട് പുനഃസംഘടിപ്പിക്കുന്നതിനുമുള്ള ഒരു പരിപാടി നടപ്പാക്കിവരുന്നു. ഇതിനുവേണ്ടി സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി 50 കോടി രൂപ വാർഷിക പദ്ധതിയിൽ നീക്കിവച്ചു.

3. കയറ്റുമതിക്കുള്ള ക്ഷീരോൽപ്പന്നങ്ങളുടെ ഗുണമേൻമ ഉയർത്തുന്നതിനു വേണ്ട നടപടികൾക്ക് രൂപം നൽകുന്നതിന് മിൽമയും നാഷണൽ ഡെയറി ഡവലപ്മെന്റ് ബോർഡും തമ്മിൽ ഒരു കരാറിലേർപ്പെട്ടു. കൂടാതെ, ലൈവ്സ്റ്റോക്ക് ആന്റ് മറൈൻ പ്രോഡക്ട്സ് ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി പ്രത്യേക കേന്ദ്ര സഹായമായി നടപ്പുവർഷത്തേക്ക് മൂന്ന് കോടി രൂപ നീക്കിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. കൊച്ചിയിലെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് ഏജൻസിയുടെ കീഴിൽ സ്ഥാപിതമായ ലബോറട്ടറിയുടെ സഹായത്തോടെ സംസ്ഥാനത്തു നിന്നുള്ള കയറ്റുമതി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു.

5. മൃഗസംരക്ഷണ മേഖലയിൽ ഒരു രോഗവിമുക്ത മേഖല സ്ഥാപിച്ചു.

6. വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലയുടെ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി.

7. ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി.

8. സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ച ത്വരിതപ്പെടുത്താൻ ഉതകുന്ന നിയമപരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു നിയമ പരിഷ്ക്കാര സമിതിയെ നിയമിക്കുകയും അതിന്റെ ശുപാർശകൾ നടപ്പാക്കിവരികയും ചെയ്യുന്നു.

ശ്രീ. പി. ജെ. ജോയി : സർ, ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി റബ്ബർ, നാളികേരം, കാപ്പി, സുഗന്ധ ദ്രവ്യങ്ങൾ എന്നിവയുടെ ഇറക്കുമതിമൂലമുണ്ടായ ഇത്തരം വിളകളുടെ വിലയിടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ സാരമായി ബാധിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ ഉത്തരത്തിൽ ആദ്യം തന്നെ പറഞ്ഞത് അതാണ്. ഉദാരവൽക്കരണവും ആഗോളവൽക്കരണവും കാര്യമായി ബാധിച്ചിട്ടുള്ളത് കേരളത്തിലെ കാർഷിക മേഖലയെയാണ്. കാർഷിക മേഖലയിൽ പ്രത്യേകിച്ച് കാഷ് ക്രോപ്സിനെയാണ് ഇത് ബാധിച്ചിട്ടുള്ളത്. പ്രത്യേകിച്ച് റബ്ബർ, കാപ്പി, കുരുമുളക്, തേയില എന്നിവയെ ഡബ്ല്യു.ടി.ഒ. ആരംഭിച്ച കാലം മുതൽക്ക് അന്ന് വിലയിടിവ് ഉണ്ടായിട്ടില്ല, അന്ന് ഒരുമാതിരി ന്യായമായ വിലയുണ്ടായിരുന്നു. ഇടക്കാലത്ത് ഇന്റർനാഷണൽ മാർക്കറ്റിനെക്കാൾ കൂടുതൽ വില റബ്ബർ പ്രോഡക്ട്സിനും മറ്റും ഇവിടെയുണ്ടായി. റബ്ബറിനും ഉണ്ടായി. അതിനുശേഷം ഇടക്കാലത്ത് വില താഴ്ന്നുവന്നു. ഈ താഴ്ന്നുവന്ന അവസരത്തിലാണ് അവർക്ക് ഇൻസെന്റീവ് കൊടുത്തുകൊണ്ട് എക്സ്പോർട്ട് നടത്താനും അത്തരത്തിൽ കർഷകരെ രക്ഷിക്കാനുംവേണ്ടി ഒരു പാക്കേജ് പ്രോഗ്രാം ഉണ്ടാക്കിയത്. എങ്കിൽക്കൂടി അത്ര വലിയ ഗുണം ഉണ്ടാക്കാൻ അതുകൊണ്ട് സാധിച്ചില്ല. പക്ഷെ ഇപ്പോൾ റബ്ബറിന്റെ വില കൂടിവരുന്നു. സിലോണിൽനിന്ന് ചായ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഇറക്കുമതിച്ചുങ്കം പോരാതെവന്ന സാഹചര്യത്തിൽ പ്ലാന്റേഷൻ രംഗത്ത് മോശമായ സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുദ്ധാരണത്തിന് 50 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു എന്നുപറഞ്ഞു, രൂപീകരണവും അതിന്റെ പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് കയർ മേഖലയിലെയും കാഷ്യൂ മേഖലയിലെയും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻവേണ്ടി കാഷ്യൂ മേഖലയിൽ ആണെങ്കിൽ അതിന് ഒരു കമ്മിറ്റി ഈയിടെ യോഗം കൂടി റെപ്രസന്റേറ്റീവുകളെ വിളിച്ചുകൂട്ടി, തൊഴിലാളി നേതാക്കൻമാരെ വിളിച്ചുകൂട്ടി, അതിനുള്ള പരിഹാരമാർഗ്ഗത്തിന് ബാങ്കുമായി ഇടപാടുകൾ ഉണ്ടാക്കി അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. മറ്റ് പരമ്പരാഗത മേഖലകളിൽ ഏത് രംഗത്താണോ പണം ആവശ്യമുള്ളത്, അവിടെ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, ഈ ഗാട്ട്, ഡബ്ലിയു.ടി.ഒ. തുടങ്ങിയ കരാറുകൾ അംഗീകരിച്ച ചില രാജ്യങ്ങൾ, ഉദാഹരണത്തിന് ചൈനയും മലേഷ്യയുമൊക്കെ സാമ്പത്തികമായി മുന്നോട്ടു പോയപ്പോൾ ഇൻഡ്യാ രാജ്യം എന്തുകൊണ്ടും പിന്നോട്ട് പോകുകയാണ് എന്ന സത്യം ഏവർക്കും അറിയാവുന്നതാണ്. ഇതിന്റെ കാരണം ഇൻഡ്യ ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ കഴിവില്ലായ്മയല്ലേ എന്ന കാര്യത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ പറ്റുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 1948-ലാണ് ഗാട്ട് കരാർ സംബന്ധിച്ച് ആദ്യ മീറ്റിംഗ് ജനീവയിൽ വച്ച് കൂടിയത്. അതിനുശേഷം ഒരുപാട് negotiations നടന്നിട്ടുണ്ട്. 1964-1967-ൽ കെന്നഡി round of negotiation എന്നുപറഞ്ഞ് ആരംഭിച്ചു. 1973-79-ൽ Tokiyo round of negotiation ആരംഭിച്ചു. 1986-1994-ൽ വേറെ ഒരു നെഗോഷിയേഷൻ നടന്നു. 146 രാജ്യങ്ങൾ ഉണ്ട്. ഈ 146 രാജ്യങ്ങൾ ഉള്ളതിൽ ഇൻഡ്യയുമുണ്ട്. മറ്റ് രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ക്യൂബയുണ്ട്, ചൈനയുണ്ട്, ചെക്കോസ്ലോവാക്യയുണ്ട്, സോഷ്യലിസ്റ്റ് രാജ്യങ്ങളും ഉണ്ട്. ഒരു രാജ്യം ആ രാജ്യത്തിന് ആവശ്യമായ കാര്യങ്ങൾ എങ്ങനെ ഇതിൽ റെപ്രസന്റ് ചെയ്ത് അത് സാധിച്ചെടുക്കുന്നു എന്നുള്ളതാണ് ഇതിലെ ചോദ്യം. സംസ്ഥാന ഗവൺമെന്റുകൾക്ക് ഇതിൽ കാതലായ പങ്കില്ല. ഗവൺമെന്റ് ഓഫ് ഇൻഡ്യ തന്നെയാണ് അത് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ആവശ്യമായ കാര്യങ്ങൾ ഇതിൽ പ്രതിനിധാനം ചെയ്ത് നേടിയെടുക്കേണ്ടതും. അതിൽ ഇൻഡ്യ മുന്നോട്ടുപോയി എന്നുപറയാൻ സാദ്ധ്യമല്ല. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പല രാജ്യങ്ങളും പിന്നോക്കം തന്നെയാണ് നിൽക്കുന്നത്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, ഡ്യബ്ല്യൂ. ടി.ഒ.-യിൽ ഒപ്പിടാൻ 2004 വരെ സമയമുള്ള ഒരു സാഹചര്യം അതു വേണ്ടെന്നുവച്ചു. ആ സമയംകൊണ്ട് ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ സാമ്പത്തികരംഗത്ത് ഉണ്ടാക്കാൻ പറ്റുമായിരുന്നു. പക്ഷേ അതിനെ വകവയ്ക്കാതെ പെട്ടെന്ന് കാര്യങ്ങളിലേക്ക് കടന്നതുകൊണ്ടല്ലേ ഈ ദുരവസ്ഥ നമ്മുടെ രാജ്യത്തിന് കൈവന്നിരിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, മറ്റ് രാജ്യങ്ങളോടൊപ്പം ഇൻഡ്യയും അതിൽ പങ്കാളിയായി എന്നു മാത്രമേയുള്ളൂ. ഗവൺമെന്റ് ഓഫ് ഇൻഡ്യയാണ് അതിൽ എന്തുവേണം എന്നു തീരുമാനിക്കുന്നത്. സംസ്ഥാനങ്ങൾക്ക് സംസ്ഥാനങ്ങളുടെ അഭിപ്രായം പറയാം എന്നു മാത്രമേയുള്ളൂ. It is left to the Government of India.

ശ്രീമതി മേഴ്സി രവി : സർ, സെപ്റ്റംബറിൽ വരുന്ന ഡബ്ല്യു.ടി.ഒ.-യുടെ മിനിസ്റ്റീരിയൽ കോൺഫറൻസിലേയ്ക്ക് ഡൽഹിയിൽ നമ്മുടെ അജൻഡ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ കേരളത്തിന്റെ priorities എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ? അതോടൊപ്പം തന്നെ എനിക്ക് അറിയേണ്ട ഒരു കാര്യംകൂടിയുണ്ട്. അതായത് നമ്മൾ ഈ പ്രയോരിറ്റീസ് ഫിക്സ് ചെയ്ത് ഇവിടെനിന്ന് വിടുമ്പോഴും നമുക്ക് എന്തെങ്കിലും ലോബിയിംഗ് സിസ്റ്റം അല്ലെങ്കിൽ എന്തെങ്കിലും കോർ ഗ്രൂപ്പ് ഉണ്ടാക്കിയിട്ട് നമ്മൾ ലോബിയിംഗും അതുപോലെയുള്ള കാര്യങ്ങളും ഡൽഹിയിൽ ചെയ്യുന്നുണ്ടോ എന്നുകൂടി അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതിൽ സംസ്ഥാനങ്ങൾക്ക് സംസ്ഥാനങ്ങളുടെ അഭിപ്രായം ഗവൺമെന്റ് ഓഫ് ഇൻഡ്യയോട് പറയാം. അതുസംബന്ധിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വച്ചിട്ടുണ്ട്. നമുക്ക് കാർഷിക മേഖലയിൽ എന്തെല്ലാം കാര്യങ്ങൾ പുതുതായി പറയണം, നമുക്ക് എന്തെല്ലാം കാര്യങ്ങൾ സാധിച്ചെടുക്കണം, അതിന് നമ്മൾ എന്താണ് ഗവൺമെന്റ് ഓഫ് ഇൻഡ്യയോട് പറയേണ്ടത് അത് ഗവൺമെന്റ് ഓഫ് ഇൻഡ്യയോട് പറഞ്ഞു കഴിഞ്ഞശേഷം ഗവൺമെന്റ് ഓഫ് ഇൻഡ്യ ഒരു യോഗത്തിൽ അത് അവതരിപ്പിക്കും.

ശ്രീമതി മേഴ്സി രവി : സർ, ഇവിടെ ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ധാരാളം വ്യവസായങ്ങളൊക്കെ വരുന്നു, വരാൻ പോകുന്നു എന്നു നമ്മൾ വിശ്വസിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുവാനുള്ളത് ഈ വരുന്ന വ്യവസായങ്ങൾ അധികവും Sub contracting system-ത്തിലും Export Processing Zone-കളിലുമാണ്. അവിടെ ട്രേഡ് യൂണിയൻ റൈറ്റ്സ് ഒന്നും applicable അല്ല എന്നു നമുക്കറിയാം. അപ്പോൾ ആ ഏരിയാകളിൽ സബ് കോൺട്രാക്റ്റിംഗ് സിസ്റ്റത്തിലാണെങ്കിലും എക്സ്പോർട്ട് പ്രോസസ്സിംഗ് സോണുകളിലാണെങ്കിലും labour issues take up ചെയ്യാനും അവിടെ സോഷ്യൽ സേഫ്റ്റി ഉറപ്പു വരുത്താനും കേരളാ ഗവൺമെന്റിന്റെ സംവിധാനം എന്താണ് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഈ പുതിയ വ്യവസായങ്ങൾ വരുമ്പോൾ സോണുകളിൽ ആയാലും അല്ലെങ്കിലും ശരി, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ന്യായമായ ആനുകൂല്യങ്ങൾ curb ചെയ്യണം എന്നുള്ളത് സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടില്ല. ഒരു ഡിസിപ്ളിൻ വേണമെന്നേ സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടുള്ളൂ. മറ്റു കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടില്ല. തൊഴിലാളികൾക്ക് എതിരായുള്ള നിയമങ്ങൾ നടപ്പാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള എന്റെ അനൗദ്യോഗിക പ്രമേയത്തിന് അനുബന്ധമായി ഇപ്രകാരം ഒരു ചോദ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അങ്ങ് വിശദമായി മറുപടി പറഞ്ഞു. ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമാക്കി മാറ്റുന്നതിനുള്ള മുഖ്യപടിയാണ് അന്താരാഷ്ട്ര വ്യാപാര മുന്നേറ്റം. ആയതിനാൽ നാണ്യവിളയുടെ പാരിസ്ഥിതിക അനുയോജ്യതയും സസ്യജന്യ ശുചിത്വവും അടക്കമുള്ള ഗുണനിലവാരവും ഉറപ്പുവരുത്തുവാനും ശാസ്ത്രീയമായ രീതികളും പരിശോധനാ സൗകര്യങ്ങളും ഉറപ്പുവരുത്താൻ ആവശ്യമായ ഒരു വിദഗ്ദ്ധ കമ്മിറ്റി ആയിരിക്കുമോ ഡബ്ളിയു.ടി.ഒ. സെൽ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഡബ്ല്യു.ടി.ഒ. സെൽ രൂപീകരിക്കുമ്പോൾ 2, 3, 4 കാര്യങ്ങൾ വളരെ വ്യക്തമായി ആവശ്യമായി വരും. ഒന്ന് നമ്മുടെ സാധനങ്ങളുടെ ക്വാളിറ്റി ഇംപ്രൂവ്മെന്റ്. ഈ രംഗത്ത് വലിയൊരു കോമ്പറ്റീഷൻ നടക്കുകയാണ്. ഡബ്ല്യു.ടി. ഒ. എന്നു പറയുമ്പോൾ—ഇതിന്റെ ഓർഗനൈസേഷൻ മറ്റ് രാജ്യങ്ങളുമായി വ്യാപാരത്തിൽ ഒരു വലിയ കോമ്പറ്റീഷൻ നടത്തുകയാണ്. ആ കോമ്പറ്റീഷൻ നടക്കുമ്പോൾ നമ്മുടെ സാധനങ്ങൾ എക്സ്പോർട്ട് ചെയ്യുമ്പോൾ അതിന്റെ quality maintain ചെയ്യണമെന്നുള്ളത് very very important ആണ്. ആ കാര്യത്തിൽ നമ്മൾ ശ്രദ്ധ ചെലുത്തിയാൽ മാത്രമേ മറ്റുള്ള രാജ്യങ്ങളുമായി കോംപീറ്റു ചെയ്യാൻ പറ്റുകയുള്ളു. ഈ സെൽ രൂപീകരിക്കുമ്പോൾ ഈ പറഞ്ഞ കാര്യം കൂടി അതിൽ ഉൾപ്പെടുത്തണം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, Agriculture Export Zone രൂപീകരിക്കുമെന്ന് അങ്ങ് മുഖ്യമന്ത്രിക്കുവേണ്ടി പറഞ്ഞു. കേരളത്തിലെ ജൈവ വൈവിധ്യവും Indigenous knowledge-ഉം ഒക്കെ ഉൾപ്പെടുത്തിക്കൊണ്ട് ആവശ്യമായ പേറ്റന്റ് ഉണ്ടാക്കുന്നതിനും അതോടൊപ്പം തന്നെ ആയുർവ്വേദവും സസ്യഔഷധവും അടക്കമുള്ള കേരളത്തിന്റേതായ തനത് സമ്പത്തുകൾ കയറ്റുമതി ചെയ്യാനും ആവശ്യമായ നിലയിൽ ഒരു ആക്ഷൻ പ്ളാൻ തയ്യാറാക്കുവാൻ ഈ സെല്ലിൽ വിഭാവന ചെയ്യുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളും കേരളത്തിന് അനുകൂലമായ കാര്യങ്ങളും കേരളത്തിന് നഷ്ടം വരാൻ പാടില്ലാത്ത, ഇവിടെ ഉണ്ടായിട്ടുള്ള പ്രത്യേകിച്ച് പേറ്റന്റ് ഇഷ്യൂസ്-ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് നമുക്ക് ദോഷകരമല്ലാത്ത വിധത്തിലുള്ള തീരുമാനത്തിലേയ്ക്കേ നമ്മൾ പോകുകയുള്ളു.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, ആഗോളവൽക്കരണത്തിന്റേയും സ്വകാര്യ വൽക്കരണത്തിന്റേയും ഭാഗമായി പല സ്ഥാപനങ്ങളും അടച്ചു പൂട്ടിക്കൊണ്ടിരിക്കുന്നു. പല സ്ഥാപനങ്ങളിലും തൊഴിലാളികളെ വോളന്ററി റിട്ടയർമെന്റിന്റെ അല്ലെങ്കിൽ കമ്പൽസറി റിട്ടയർമെന്റിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടുകയും അതേ തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പഴയ കങ്കാണി സമ്പ്രദായം കൊണ്ടുവരുകയും ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കങ്കാണി സമ്പ്രദായം എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. പല കമ്പനികളും പൂട്ടുന്നുണ്ട്. അത് ആഗോളവൽക്കരണം വന്നതു കൊണ്ടു മാത്രമാണ് എന്നുള്ള ബോധ്യമില്ല. ആ കമ്പനികളുടെ എഫിഷ്യൻസി കുറവായതുകൊണ്ടും, മാനേജ്മെന്റ് നേരെ നടത്താത്തതുകൊണ്ടുമാണ് അടച്ചു പൂട്ടേണ്ടിവരുന്നത്. തീർച്ചയായിട്ടും അതിനു നമുക്ക് മാറ്റം ഉണ്ടാക്കേണ്ടതാണ്. അടച്ചു പൂട്ടുക എന്നുള്ളത് ഒരു നയമായിട്ട് അംഗീകരിച്ചിട്ടില്ല. വളരെ നഷ്ടമായിട്ടുള്ളതും ഒരു കാരണവശാലും റിവൈവ് ചെയ്യാൻ പറ്റാത്തതുമായ കമ്പനികളെ സംബന്ധിച്ചു മാത്രമേ അങ്ങനെ ആലോചിച്ചിട്ടുള്ളൂ.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും തെറ്റായ ഫലങ്ങൾ അതിവേഗത്തിൽ ഒരു കൊടുങ്കാറ്റുപോലെ നമ്മുടെ വ്യവസായ മേഖലകളെയും പരമ്പരാഗത മേഖലയേയും തകർക്കുമ്പോൾ അതിനെ തടയാനുള്ള നമ്മുടെ നടപടികൾ വളരെ പതുക്കെയാണ്, വളരെ സ്ലോ ആണെന്നുള്ള അഭിപ്രായം അങ്ങേക്കുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, വളരെ സ്ലോ ആണെന്നുള്ള അഭിപ്രായമില്ല. ആഗോളവൽക്കരണത്തെ സംബന്ധിച്ചിടത്തോളം ഭാരതത്തിൽ, മറ്റ് പല സംസ്ഥാനങ്ങളിലും കാർഷിക മേഖലയിൽ പ്രത്യേകിച്ച്, കേരളത്തിലും മോശമായ കാലാവസ്ഥ ഉണ്ടായിട്ടുണ്ട്. ആ കാലാവസ്ഥ തരണം ചെയ്യാൻ വേണ്ടിയാണ് ഈ സെൽ ഉണ്ടാക്കിക്കൊണ്ട് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ എന്തു ചെയ്യണമെന്ന് തീരുമാനിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ആഗോളവൽക്കരണത്തിന്റെ അപ്പോസ്തലൻമാർ ലോക വ്യാപാര സംഘടന തന്നെ. 300% വരെ ഇറക്കുമതി ചുങ്കം കിട്ടുമെന്നു പറഞ്ഞിട്ടും നമ്മുടെ കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും 25-ലും 30-ലും കിടന്ന് കറങ്ങുകയാണെന്നുള്ളത് മനസ്സിലാക്കി ഇറക്കുമതിച്ചുങ്കം അനുകൂലതരമാക്കി മാറ്റുക എന്ന വാദഗതിയോടുകൂടി ഈ ആഗോളവൽക്കരണത്തെ ചുമക്കുന്ന ആളുകളാണല്ലോ നമ്മുടെ ഭരണാധികാരികൾ. അപ്പോൾ അനുകൂലതരമാക്കുക എന്നു പറഞ്ഞാൽ കുറഞ്ഞപക്ഷം 250 ശതമാനം വരെ എങ്കിലും, 300-ലേക്ക് പോകേണ്ട—250 വരെയെങ്കിലും അവർ തന്നെ സമ്മതിച്ചിട്ടുള്ളത് അനുസരിച്ചുള്ള ഇറക്കുമതിച്ചുങ്കം നമുക്ക് ഏർപ്പെടുത്തിക്കൂടേ ? ഈ അനുകൂലതരക്കാർ അതിനുവേണ്ടി വല്ല വാദവും ഇവിടെ നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, തീർച്ചയായിട്ടും 300% ഇംപോർട്ട് ഡ്യൂട്ടി വരെ പോകാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. അത് കേന്ദ്ര ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അനുകൂലമായ ആളുകൾ എന്നു പറഞ്ഞതിൽ കഴിഞ്ഞ പ്രാവശ്യം ഇരുന്ന ഗവൺമെന്റിനും ഇതുവരെ യാതൊന്നും ചെയ്യാൻ സാധിച്ചില്ല. നമ്മളെ സംബന്ധിച്ചിടത്തോളം നമുക്ക് കൂട്ടായി ഇതിന് കേന്ദ്ര ഗവൺമെന്റിനോട് വാദിക്കാം. അതിന് യാതൊരു ഉപേക്ഷയുമില്ല. അത് അംഗീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും നെറ്റ് ഇഫക്റ്റ് എന്നു പറയുന്നത് ആഗോള മാർക്കറ്റിലുള്ള കടുത്ത മത്സരമാണ്. ഈ കടുത്ത മത്സരം നേരിടാനാണ് ലോകത്തിലെ വിവിധ രാജ്യങ്ങൾ അവിടെയുള്ള എല്ലാ സിസ്റ്റംസും റീ സ്ട്രക്ചർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ട് ഇപ്പോൾ കാർഷിക മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചും പുനഃസംഘടനയെക്കുറിച്ചും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതുപോലെ തന്നെയാണ് നമ്മൾ നടത്തുന്ന ഭരണപരിഷ്കാരവും നിയമ പരിഷ്കാരവും. എന്റെ ചോദ്യം നമ്മൾ ഈ പരിഷ്കാരങ്ങൾ നടത്തി ഈ പുനഃസംഘടന നടത്തുന്നതിന്റെ കൂടെത്തന്നെ വർഷങ്ങളായി നിലനിർത്തിക്കൊണ്ടുവരുന്ന നമ്മുടെ പരമ്പരാഗത മേഖലയുടെയും സാമൂഹ്യ സേവന മേഖലയുടെയും ഗുണഫലങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ ഈ പുതിയ പരിഷ്കാരത്തിന് തയ്യാറാകുമോ ? അതായിരിക്കുമോ ഗവൺമെന്റിന്റെ നയം എന്നു വിശദീകരിക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഈവക മാറ്റങ്ങളുണ്ടാകുമ്പോൾ റീ സ്ട്രക്ചറിംഗ് ആവശ്യമാണ്. റീ സ്ട്രക്ചറാണ് അതിന്റെ ബേസിസ് എന്നു പറയുന്നത്. പക്ഷേ റീ സ്ട്രക്ചറിംഗ് ഏതെല്ലാം മേഖലയിൽ വേണം, ഏതെല്ലാം മേഖലയിൽ ചെയ്യാൻ സാധിക്കും, അത് എത്രത്തോളം ചെയ്യാൻ സാധിക്കും, അതിന് എത്രത്തോളം ഒബ്ജക്ഷൻ ഉണ്ട് എന്നീ കാര്യങ്ങൾ നമുക്കൊരു സമന്വയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. പ്രത്യേകിച്ച് കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത്, അതുകൊണ്ടാണ് ഇതിന് പലപ്പോഴും കാലതാമസം വരുന്നത്. നമുക്ക് ഇതിൽ യോജിപ്പിലെത്താൻ സാധിക്കാത്തതു കൊണ്ടാണ്. അതുകൊണ്ട് തീർച്ചയായും റീ സ്ട്രക്ചറിംഗ് കൂടാതെ ഈവക കാര്യങ്ങൾ ചെയ്യാൻ സാധ്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആഗോളവൽക്കരണ-ഉദാരവൽക്കരണ നടപടികളുടെ ഭാഗമായി കേരളത്തിലുണ്ടായ പ്രതികൂല സ്ഥിതിഗതികൾ വിവരിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ബോധപൂർവ്വം മറച്ചുവച്ച ഒരു കാര്യം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ സംസ്ഥാനത്ത് ഉണ്ടായ നഷ്ടം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. ഓരോ പൊതുമേഖലാ സ്ഥാപനവും സ്വകാര്യവൽക്കരിക്കുന്നതിന്റെ ഫലമായി പതിനായിരത്തിൽപ്പരം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയാണ്. FACT സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അരുൺ ഷൂരി രാജ്യസഭയിൽ പറഞ്ഞത് സംസ്ഥാന ഗവൺമെന്റ് അതിന് വ്യക്തമായ നിർദ്ദേശം സമർപ്പിക്കാത്തതുകൊണ്ടാണ് സംസ്ഥാന ഗവണ്മെന്റിന് അത് വിട്ടുകൊടുക്കാത്തത് എന്നാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റ് ഒന്നും ചെയ്യാത്തതുകൊണ്ടല്ലേ ഇത്തരം ഒരു സ്ഥിതി ഉണ്ടായത്. FACT സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, നമ്മൾ ഇതിൽ ഒന്നും ബോധപൂർവ്വം മറച്ചുവച്ചിട്ടില്ല, ബോധപൂർവ്വം മറച്ചുവയ്ക്കാൻ തീരുമാനിച്ചിട്ടുമില്ല. ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. കോടിയേരി ഇപ്പോൾ ചോദിച്ചില്ലേ, നമുക്ക് അങ്ങനെ മറച്ചുവയ്ക്കാൻ പറ്റില്ലല്ലോ ? ഇതിൽ മറച്ചുവയ്ക്കേണ്ട യാതൊരു പ്രശ്നവുമില്ല. കേന്ദ്ര ഗവൺമെന്റ് എടുത്ത ഈ തീരുമാനത്തിൽ നമുക്ക് പ്രതിഷേധമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. നമ്മൾ അത് അംഗീകരിച്ചിട്ടില്ല. FACT-യെ സംബന്ധിച്ചിടത്തോളം, അതൊരു പ്രധാനപ്പെട്ട ഇഷ്യൂ ആണ്, അത് കോ-ഓപ്പറേറ്റീവ് സെക്ടറിൽ എടുക്കാൻ പറ്റുമോയെന്ന് ആലോചിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പല ആലോചനകളുമായി മുന്നോട്ടു പോകുകയാണ്.

ശ്രീ കെ. പി. രാജേന്ദ്രൻ : സർ, കാർഷികമേഖലയുടെ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൂടുതലായി പറഞ്ഞത്. ശ്രീമതി മേഴ്സി രവിയും ശ്രീ. ടി. വി. ചന്ദ്രമോഹനനും സൂചിപ്പിച്ചതുപോലെ വളരെ ആന്റി ലേബർ ആയിട്ടുള്ള നടപടികൾവരുന്നു. അതുപോലെ പുതിയ വ്യവസായങ്ങളിലുള്ള തൊഴിൽസാദ്ധ്യതകൾ വളരെ കുറവാണ്. സംസ്ഥാന ഗവണ്മെന്റ് Enterprises Reforms Committee-യുടെ Re-structure-ന്റെ ഭാഗമായിട്ട് രണ്ടു നടപടികൾ എടുത്തു. അങ്ങ് പറഞ്ഞ റീ-സ്ട്രക്ചറാണ് ഇതിന്റെ പ്രധാന ഭാഗം. ഇപ്പോൾ 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭനഷ്ടം നോക്കാതെ Voluntary Retirement Scheme, Employees Separation Scheme ഇവ നടപ്പിലാക്കാനുള്ള ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചു. ഇത് സംസ്ഥാനത്തെ വ്യവസായമേഖലയെ തകർക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനുമല്ലേ ഇടവരുത്തുക ? ഇത് കേരളത്തിന്റെ വ്യവസായ-തൊഴിൽ മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കില്ലേ ? ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, തൊഴിൽ മേഖലയിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. ഈ സെറ്റപ്പ് നടപ്പിലാക്കുമ്പോൾ തൊഴിൽസ്ഥിരത കുറയും എന്നുള്ളതാണ് ആഗോളപരമായ കണക്കുകൾ നോക്കുമ്പോൾ കാണാൻ സാധിക്കുന്നത്. പക്ഷേ, കാഷ്വൽ ലേബറേഴ്സിനാണ് കൂടുതൽ അനുകൂലമായി കണ്ടുവരുന്നത്. അതൊരു പ്രത്യേകമായിട്ടുള്ള സ്വഭാവ സവിശേഷതയാണ്. തീർച്ചയായിട്ടും തൊഴിൽരംഗത്ത് കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട് ; പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിന് പരിഹാരമാർഗ്ഗം ഉണ്ടാക്കണം. ഗവണ്മെന്റ് അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. വർക്കല കഹാർ : സർ, ഉദാരവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും ഫലങ്ങൾ സ്വായത്തമാക്കുന്നതിനുവേണ്ടി ശ്രമം നടത്തുന്നു. അതേസമയംതന്നെ അതിന്റെ ദോഷഫലങ്ങൾ ഏറ്റവുംകൂടുതൽ സൃഷ്ടിക്കുന്നത് തൊഴിലില്ലായ്മയാണ്. ഇത് സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തെയാണ് ബാധിക്കുന്നത്. ഇതിന്റെ ഗുണഫലങ്ങൾ സ്വായത്തമാക്കുന്നതിനും ദോഷഫലങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഫലപ്രദമായി മൽസരിച്ച് മുന്നേറുന്നതിനും അതുപോലെ ഈ കാര്യങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി, രാജഭരണകാലത്ത് ഉണ്ടായിരുന്നതുപോലെ ഗവേഷണസ്വഭാവത്തിൽ സയന്റിഫിക് ഡിപ്പാർട്ടുമെന്റ് അതുപോലെ, ഡവലപ്മെന്റ് വിംഗ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അത് ഇന്ത്യാ ഗവൺമെന്റ് ആലോചിക്കേണ്ട വിഷയമാണ്.

ശ്രീ. എ. കെ. മണി : സർ, പണ്ടുമുതലേ വിദേശനാണ്യം നേടിത്തരുന്നതിൽ തോട്ടവിളകൾ മുൻപന്തിയിലായിരുന്നു. നമ്മളത് പൊളിറ്റിക്കലായിട്ട് കാണണം. തോട്ടവിളകൾ കൂടുതലുള്ളത് തമിഴ്നാട്, വെസ്റ്റ് ബംഗാൾ, കേരളം, ത്രിപുര, ആസ്സാം എന്നീ 5 സംസ്ഥാനങ്ങളിലാണ് തോട്ടവിളകൾ-തേയിലത്തോട്ടം കൂടുതലുള്ളത്. ഇവിടെ ബി.ജെ.പി. ഗവൺമെന്റിന്റെ ഒരു വേവ് ഉണ്ടായിട്ടുണ്ട്. ഗാട്ട് കരാറിൽ ഒരു ക്ലാസുള്ളത്. നമുക്ക് ഉചിതമല്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ അത് എപ്പോൾ വേണമെങ്കിലും ക്യാൻസൽ ചെയ്യാം എന്നതാണ്. ആ സാഹചര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ് പാർട്ടിയും ഭരിക്കുന്ന ഈ 5 സംസ്ഥാനങ്ങളിലും, Attention സാദ്ധ്യതകൾ കൂടുതലുള്ള ഈ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും എക്സിക്യൂട്ടീവ് മേധാവികളും ഒക്കെക്കൂടി വളരെ ശക്തമായ സമ്മർദ്ദം കേന്ദ്ര ഗവണ്മെന്റിൽ ചെലുത്തിയാൽ ഇറക്കുമതി നയത്തിൽ മാറ്റങ്ങളുണ്ടാകാൻ സാദ്ധ്യതകളുണ്ട്. അത്തരം നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അത് ആലോചിക്കാവുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ആഗോളവൽക്കരണ നയത്തിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതിനയം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് പ്രതിവർഷം 7,000 കോടി രൂപ കേരളത്തിന്റെ കാർഷികമേഖലയിൽ നഷ്ടം ഉണ്ടായി എന്നുള്ളത് ഇപ്പോൾ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഭക്ഷ്യയെണ്ണ, തേയില, കുരുമുളക്, ഏലം ഇവയുടെ ഇറക്കുമതിയാണ് ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കിയത്. ഈ പശ്ചാത്തലത്തിൽ, ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ, ഡോക്ടർ സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് പഠിച്ച് പരിശോധിച്ച് നിയമസഭയിൽ ചർച്ചയ്ക്ക് വച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞ് കേന്ദ്രത്തിന് കൊടുക്കുമ്പോൾ വളരെയധികം നേരംപോകും. യഥാർത്ഥത്തിൽ കഴിഞ്ഞവർഷംതന്നെ ഇതിന്റെ ഭാഗമായി ഒരു ഹ്രസ്വകാല ഇടപെടൽ കേരള ഗവൺമെന്റ് നടത്തിയിരുന്നെങ്കിൽ ഇപ്പോൾവന്നിട്ടുള്ള വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം കുറച്ച നടപടി പുനഃപരിശോധിക്കാൻ അവർ നിർബന്ധിതമാകുമായിരുന്നു. അത്തരം ഒരു ഇടപെടൽ ഇവിടെ ഉണ്ടായിട്ടില്ല ഈ സാഹചര്യത്തിൽ കേന്ദ്രനയം തിരുത്തുന്നതിന് ആവശ്യമായിട്ടുള്ള ഫലപ്രദമായിട്ടുള്ള ഹ്രസ്വകാല ഇടപെടൽ, ഡോക്ടർ സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള അടിയന്തിരമായ ഇടപെടൽ, കേരള ഗവൺമെന്റ് നേതൃത്വത്തിൽ നടത്തുകയാണ് വേണ്ടത്. അങ്ങനെ കൃഷിക്കാരുടെ ദയനീയാവസ്ഥ പരിഹരിക്കാൻ വേണ്ടിയുള്ള മുൻകൈ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പാമോയിൽ, തേയില, റബ്ബർ ഇവ ഇറക്കുമതി ചെയ്യുമ്പോൾ—ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കൂട്ടത്തിൽ അക്കാര്യം പറഞ്ഞു—ഇംപോർട്ട് ഡ്യൂട്ടി മാക്സിമം കൊണ്ടുവച്ചിരുന്നെങ്കിൽ ബുദ്ധിമുട്ട് കൂടാതെ കഴിയുമായിരുന്നു. ഇക്കാര്യം എല്ലാ സംസ്ഥാനങ്ങളും പറഞ്ഞിട്ടുണ്ട്. കേരള സംസ്ഥാനവും പറഞ്ഞിട്ടുണ്ട്. ഇതിനുമുമ്പും പറഞ്ഞിട്ടുണ്ട്. ഗവണ്മെന്റ് ഓഫ് ഇന്ത്യ ഏത് കാരണത്താലാണെന്ന് അറിയില്ല ; അവർ സംസ്ഥാന ഗവണ്മെന്റ് പറയുമ്പോൾ ഉൾക്കൊള്ളുന്നില്ല. അത് കാരണമാണ് ഇത് സംഭവിക്കുന്നത്. അടിയന്തിരമായി നമുക്ക് കൂട്ടമായിട്ട് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ആഗോളവൽക്കരണവും ഉദാരവൽക്കരണവുമൊക്കെ നടപ്പിലാക്കിവരുമ്പോൾ, സാധാരണ ജനങ്ങളുടെ ഇടയിലുള്ള സന്ദേഹം, സമ്പന്ന ജനവിഭാഗങ്ങൾക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നാണ്. ഇത് മാറ്റുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെന്റ് ചില പ്രചരണ പരിപാടികളും കാര്യങ്ങളുമൊക്കെ നടത്തുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ജനങ്ങളുടെ ഇടയിലുണ്ടായിരിക്കുന്ന തെറ്റിദ്ധാരണ മാറ്റുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ജനങ്ങളുടെ ഇടയിൽ, പാവപ്പെട്ടവരുടെ ഇടയിലും, കച്ചവടക്കാരുടെ ഇടയിലും എല്ലാം ഇതിനെക്കുറിച്ച് ആശങ്കയുണ്ട്. ഇതിനെക്കുറിച്ച് അവർക്ക് അറിയാൻ പാടില്ലാത്തതുകൊണ്ടല്ല. ഇന്ത്യാ ഗവണ്മെന്റിന്റെ അപ്രോച്ചിൽ മാറ്റം വരുത്താതെ സംസ്ഥാന ഗവണ്മെന്റുകൾക്ക് ഇതിൽ പെട്ടെന്ന് തീരുമാനമെടുത്ത് മുന്നോട്ടുപോകാൻ സാദ്ധ്യമല്ല.

ശ്രീ. സി. മൊയിൻകുട്ടി : സർ, നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് സമീപകാലത്ത് അൽപ്പം വിലയുണ്ട്. പക്ഷേ, നെൽക്കൃഷി പരിപൂർണ്ണമായും അന്യംനിന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, വിശേഷിച്ചും മലബാർ ഭാഗത്ത് ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിൽ കമുക് കൃഷി നടന്നുകൊണ്ടിരിക്കുന്നു. അടക്കയ്ക്ക് തീരെ വിലയില്ല. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും പശ്ചാത്തലത്തിൽ ആശയങ്ങൾ സംസ്ഥാനത്തിന് അനുകൂലമായി മാറ്റുന്ന നടപടികളുടെ ഭാഗമായി എന്തെങ്കിലും കാര്യങ്ങൾ ഈ രംഗത്ത് ചെയ്തിട്ടുണ്ടോ ; അടയ്ക്കാ കൃഷിക്കാരുടെ യഥാർത്ഥപ്രശ്നങ്ങൾ മനസ്സിലാക്കാനും പഠിക്കാനും ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള പാക്കേജ് സ്കീമിൽ പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തിരുന്നു. അല്ലാതെ നമുക്ക് പ്രത്യേകമായിട്ട് വേറൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പുത്തൻ സാമ്പത്തികനയം എല്ലാ മേഖലയിലും വൻ പുരോഗതി കൊണ്ടുവരുമെന്നാണ് പ്രചരണമുണ്ടായത്. ഇവിടെ മറുപടി പറയുന്ന കൂട്ടത്തിൽ കേരളത്തിന്റെ കാർഷിക മേഖലയിൽ ക്യാഷ് ക്രോപ്സിന് വല്ലാത്ത വിലക്കുറവാണെന്ന് പറഞ്ഞു. നെല്ലിന് വല്ലാതെ വില കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലക്കാരനായ അങ്ങേക്ക് അത് നേരിട്ടറിയാവുന്ന കാര്യമാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ലൊടിഞ്ഞ്, കൃഷിക്കാർ ആത്മഹത്യയുടെ മുനമ്പിലാണ്. കർഷകന് നിക്ഷേപം നടത്താൻ കഴിയുന്നില്ല. പൊതുമേഖലയിലും സർക്കാർ മേഖലയിലും നിക്ഷേപം നടത്തുന്നില്ല. കാർഷിക മേഖലയിൽ വന്നുപെട്ടിരിക്കുന്ന ദുരന്തം പരിഹരിക്കുന്നതിന് എന്ത് നിക്ഷേപം നടത്താനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കാർഷികമേഖലയുടെ പ്രശ്നത്തെക്കുറിച്ചാണ് പറഞ്ഞത്. വിലക്കുറവെന്ന് പറഞ്ഞു. അരിയൊക്കെ നമ്മുടെ സംസ്ഥാനത്തും ഇന്ത്യാരാജ്യത്തും ധാരാളമായിരിക്കുന്നു. നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം വിലക്കുറവെന്ന ആക്ഷേപമുണ്ട്. ഇപ്പോൾ കുറച്ച് വില കൂടിയിട്ടുണ്ട്. റബ്ബറിന് വില കൂടിയിട്ടുണ്ട്. മറ്റ് പല കാർഷികോൽപ്പന്നങ്ങളുടെയും വില കൂടിയിട്ടുണ്ട്. മാർക്കറ്റിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇത് മുഴുവനും ആഗോളവൽക്കരണത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പറയാൻ പറ്റില്ല. ഇതിന് മുമ്പും വില താഴ്ന്നിട്ടുണ്ട്. വില കൂടിയിട്ടുണ്ട്. മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്ന് പറയുന്നില്ല. 1983 മുതൽ 1988 വരെയുള്ള നമ്മുടെ എംപ്ലോയ്മെന്റ് ഗ്രോത്തെന്ന് പറയുന്നത് 0.07 ശതമാനമാണ്. 1993-94 മുതൽ 1999-2000 വരെ 1.26 ശതമാനമായിട്ടുണ്ട്. അതുമാതിരി പലിശനിരക്കിൽ 1993-94-ൽ 19 ശതമാനമുണ്ടായിരുന്നത് 2001-02-ൽ പതിനൊന്നര ശതമാനമായി കുറഞ്ഞു. എൻ.ആർ.ഐ. ഡെപ്പോസിറ്റ് 1991-ൽ 2317 കോടി രൂപയുണ്ടായിരുന്നത് 2002-ൽ 26,001 കോടി രൂപയായിട്ട് വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ നാഷണൽ ബാങ്കുകളിൽ ഡോളറിന്റെ വിനിമയനിരക്ക് 17 രൂപയുണ്ടായിരുന്നത് 2001-ൽ 47 രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നമുക്ക് വിഷമങ്ങൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, ആഗോളവൽക്കരണം നമ്മളെല്ലാവരും ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്ന ഒരു സാഹചര്യമാണ്. രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളുമടക്കം അതുപോലെതന്നെ സ്വകാര്യ ചാനലുകളടക്കം, ആളുകളുടെ വസ്ത്രധാരണം അടക്കം, ലീ കൂപ്പർ, ലൂയി ഫിലിപ്പ്, ലണ്ടൻ ബ്രിഡ്ജ്, ലെക്കോസ്ട്രിയ, കോണ്ടെസ്സൽ തുടങ്ങിയ കമ്പനികളുടെ ഉടുപ്പുകളും എല്ലാം ഇട്ട് ഇതെല്ലാം യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. ഇത് ഒരിക്കലും നടക്കാത്ത കാര്യമാണെന്ന് പറഞ്ഞ് വീണ്ടും ഹിപ്പോക്രസിയായി ഇതിനെ സമീപിക്കുന്നതിനേക്കാൾ ഫലപ്രദമായി ഇതിനെ നേരിടുക, എന്ന ഏറ്റവും ഗുണപരമായി ഇതിനെ നേരിടുക എന്ന വസ്തുതയല്ലേ സത്യത്തിൽ നാം സ്വീകരിക്കേണ്ടത് ? അതിനുവേണ്ടി എന്ത് നിലപാടുകളാണ് ഗവൺമെന്റ് എടുക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇതിനെ സത്യസന്ധമായി നേരിടാനും സ്വീകരിക്കാനും മാത്രമേ പറ്റുകയുള്ളൂ. ഇത് യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. ലോകത്ത് 146 രാജ്യങ്ങൾ ഇത് അംഗീകരിച്ചിരിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളടക്കം ഇപ്പോൾ റഷ്യയും അതിൽ ചേരാൻ പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായി കേന്ദ്ര സർക്കാർ ഇറക്കുമതി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ചുമത്തുന്ന ഡ്യൂട്ടി വളരെ കുറച്ചതിന്റെ ഫലമായിട്ടാണ് കാർഷികോൽപ്പന്നങ്ങൾ ഇവിടെ ഡമ്പ് ചെയ്യാനുള്ള അവസരം ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 1992-ൽ ഗാട്ട് കരാറിൽ ഒപ്പിടുന്ന സന്ദർഭത്തിൽ ഇറക്കുമതി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ഒരു ക്വാട്ട നിശ്ചയിച്ചിരുന്നു. കാപ്പി, കുരുമുളക് അടക്കമുള്ള കാർഷികോൽപ്പന്നങ്ങൾക്ക് ക്വാട്ട നിശ്ചയിച്ചിരുന്നു. ആ ക്വാട്ട സമ്പ്രദായം ഇപ്പോഴില്ല. ഇപ്പോൾ ഈ രാജ്യത്തേക്ക് ഇഷ്ടംപോലെ കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന സംവിധാനം നിലനിൽക്കുകയാണ്. അതുകൊണ്ട് ക്വാട്ട സംവിധാനം തിരിച്ചുകൊണ്ടുവന്ന് നമ്മുടെ രാജ്യത്ത് കാർഷികോൽപ്പന്നങ്ങൾ ഇങ്ങനെ വിദേശ രാഷ്ട്രങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സംവിധാനത്തിന് ഒരു പരിധി വരെയെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ നമുക്ക് കഴിയുകയാണെങ്കിൽ കുറേക്കൂടി ആശ്വാസകരമാകും. അതിനാവശ്യമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ ; അതോടൊപ്പംതന്നെ ശ്രീലങ്ക വഴി മറ്റ് വിദേശരാഷ്ട്രങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഏർപ്പാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ പെടുന്നതല്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകുക എന്നല്ലാതെ ഇത് കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് തീർച്ചയായിട്ടും കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം : സർ, ആഗോളവൽക്കരണത്തിന്റെ ഫലം മഹാഭൂരിപക്ഷം ജനങ്ങളേയും പ്രതികൂലമായിട്ടാണ് ലോകത്തെങ്ങും ബാധിക്കുന്നത്. ഇൻഡ്യയിലും കേരളത്തിലുമടക്കം ഇവിടെ ശ്രീ. ചന്ദ്രമോഹൻ പറഞ്ഞു, കൊടുങ്കാറ്റിന്റെ വേഗതയിൽ അതിന്റെ പ്രതികൂല കാറ്റ് വീശുമ്പോൾ പഴമുറം കൊണ്ട് തടയാനാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ശ്രമിച്ചുകൊണ്ടിരിക്കുന്നത്, ചിന്തിക്കുന്നത്. ആ ധാരണ തെറ്റാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, പരമ്പരാഗത വ്യവസായ മേഖലയെ രക്ഷിക്കാൻ വേണ്ടി 50 കോടിയുടെ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കാൻ പോവുകയാണ് എന്ന്. ബഡ്ജറ്റിൽ മന്ത്രി പറഞ്ഞത് 500 കോടി രൂപയുടെ പുനഃരുദ്ധാരണ ഫണ്ട് ഉണ്ടാക്കാൻ പോകുന്നുവെന്നാണ്. ഈ നയത്തിന്റെ ഫലമായി തകരുന്ന ഈ മേഖലയെ കാത്തുരക്ഷിക്കാൻ വേണ്ടി കുറഞ്ഞപക്ഷം ബഡ്ജറ്റ് വാഗ്ദാനമായ 500 കോടി രൂപയുടെ പദ്ധതി എപ്പോൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കാനെങ്കിലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 500 കോടി രൂപയുടെ ഒരു ഫണ്ട് 3 കൊല്ലത്തേക്ക് വേണ്ടിവച്ചിട്ടുണ്ട്. ഇപ്പോൾ 50 കോടി രൂപ അതിന്റെ ഫസ്റ്റ് ഇയറിൽ കൊടുത്തുതുടങ്ങുന്നു. ഇപ്പോൾത്തന്നെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. ബാബു : സർ, ആഗോളവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും നേരിടുന്ന കാര്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും നയങ്ങളിൽ എന്താണ് വ്യത്യാസമെന്ന് വ്യക്തമാക്കാമോ ; അതോടൊപ്പംതന്നെ 2005-ന് ശേഷം ഓർഗാനിക് കാർഷികോൽപ്പന്നങ്ങൾ മാത്രമേ കയറ്റി അയയ്ക്കാവൂ എന്നുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷികമേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

മി. സ്പീക്കർ : ഒരു മണിക്കൂർ പറഞ്ഞാലും അതിന് ഉത്തരം പറയാൻ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം ഒരു മണിക്കൂർകൊണ്ട് മറുപടി പറയാൻ സാധിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഏത് ഗവൺമെന്റായാലും നമുക്ക് കേന്ദ്ര ഗവൺമെന്റിൽ നമ്മുടെ ആവശ്യം പറയുക എന്നുള്ളതല്ലാതെ വേറെ പരിഹാര മാർഗ്ഗമില്ല. നമുക്ക് കൂട്ടായിട്ട് ആവശ്യപ്പെടാം.

ശ്രീ. കെ. കെ. ഷാജു : സർ, ഡബ്ള്യു.ടി.ഒ. കരാർ ഒപ്പുവച്ചത് കേന്ദ്രത്തിൽ ദേവഗൗഡ ഗവൺമെന്റിന്റെ കാലത്താണ്. സി.പി.എം. പുറത്ത് നിന്നു ; സി.പി.ഐ. അകത്ത് നിന്നു ശ്രീ. ചതുരാനൻമിശ്ര ആയിരുന്നു അന്ന് കേന്ദ്രത്തിൽ കൃഷിവകുപ്പുമന്ത്രി. അന്ന് റബ്ബറിന്റെ കാര്യത്തിൽ 30 ശതമാനമെന്നൊന്നും ആരും പറഞ്ഞില്ല. അതുപോലെതന്നെ നാളികേരവും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യരുത് എന്ന് ആരും പറഞ്ഞില്ല. എന്റെ ചോദ്യം, ഇറക്കുമതിമൂലം ദോഷം വന്നിട്ടുള്ള സംസ്ഥാനങ്ങളുടെ ഒരു കോൺഫെഡറേഷൻ രൂപീകരിച്ച് ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടുകൂടി മനസ്സിലാക്കി ഒരു സമ്മർദ്ദ ഗ്രൂപ്പ് രൂപീകരിക്കുവാൻ കേരള ഗവൺമെന്റ് മുൻകൈയെടുക്കുമോ എന്നാണ്.

ശ്രീ. കെ. ശങ്കരനാരായണൻ : കാർഷികമേഖലയിൽ ദോഷംവന്നിട്ടുള്ള സംസ്ഥാനങ്ങൾക്ക് ഒന്നിച്ച് കേന്ദ്രത്തിൽ നിവേദനം നടത്തുന്നതിൽ യാതൊരു വിരോധവുമില്ല. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. പി. ജയരാജൻ : സർ, ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും നയങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നിയമപരിഷ്കാര കമ്മിറ്റിയുടെ ബിൽ തയ്യാറാക്കി എന്ന് പറയുകയുണ്ടായി. ആ Law Reforms Committee-യുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പല ബില്ലുകളും ജനവിരുദ്ധമാണെന്ന അഭിപ്രായം ഉയർന്നുവന്നിരിക്കുകയാണ്. Building Lease Bill, Defacement of Property Bill ഇതിനെക്കുറിച്ചെല്ലാംതന്നെ ശക്തമായിട്ടുള്ള എതിർപ്പ് വന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായിട്ട് എം.ജി.പി.-യുടെ 93 സ്കീമുകളിൽ risk associated എന്നുപറയുന്നുണ്ട്. Political Opposition feeding on fierce of tax. ഇത്തരം പരിഷ്കാരങ്ങൾക്ക് എതിരായിട്ടുള്ള എതിർപ്പുകളെ നേരിടാൻ എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ? പോലീസിനെ നവീകരിച്ചുകൊണ്ട് പോലീസിന് കൂടുതൽ ആയുധങ്ങൾ നൽകിക്കൊണ്ടാണോ ഇത്തരം എതിർപ്പുകളെ നേരിടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : അവസാനഭാഗം ഇതിൽ ചേർക്കേണ്ടിയിരുന്നില്ല. അത് നമുക്ക് വേറെ മറുപടി പറയാനുള്ളതല്ലേ ? ആഗോളവൽക്കരണത്തിൽ പോലീസിന്റെ തോക്ക് എങ്ങനെയാണ് വരുന്നത് ? ഇത് വളരെ സീരിയസ്സായിട്ടുള്ള കാര്യമല്ലേ ? എം.ജി.പി.-യുടെ കാര്യത്തിൽ നമുക്ക് വേണമെങ്കിൽ ജനറലായിട്ട് ഡിസ്കസ് ചെയ്യാം. എല്ലാ രാഷ്ട്രീയ കക്ഷികളുമായി ഡിസ്കസ് ചെയ്യാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലം നമ്മുടെ കാർഷികവിഭവങ്ങളെയാണ് ഏറ്റവും അധികം ദോഷകരമായി ബാധിച്ചിരിക്കുന്നത്. ഇറക്കുമതിചെയ്യുന്ന കാർഷികവിഭവങ്ങളുടെ വിലയോട് മത്സരിക്കാൻ നമുക്ക് സാധിക്കുന്നില്ല. ഇത് തരണംചെയ്യാൻ കാർഷികരംഗത്ത് പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കണം. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സർക്കാർ കാണിക്കുന്ന മുൻഗണന പോലെതന്നെ ടിഷ്യൂ കൾച്ചർ തുടങ്ങിയ ആഗ്രോ ടെക്നോളജി കൂടുതൽ വ്യാപകമാക്കാൻ സർക്കാർ മുന്തിയ പരിഗണന നൽകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : നമ്മുടെ ഉൽപ്പാദനരംഗത്ത് ഉൽപ്പാദനം കൂട്ടണം ; ഉൽപ്പാദനം കൂട്ടിയാൽ പോരാ അതിന് മാർക്കറ്റ് ഉണ്ടാകണം ; മാർക്കറ്റ് ഉണ്ടായാൽ പോരാ അതിന് വില കിട്ടണം. ഇതെല്ലാം കൂടി ചേരുമ്പോൾ മാത്രമേ ഇത് യോജിച്ച് വരികയുള്ളൂ.

ശ്രീ കളത്തിൽ അബ്ദുള്ള : സർ, ഇൻഡ്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ദേശീയ മുതൽമുടക്ക്. ഇതെല്ലാം വിറ്റഴിക്കുമ്പോൾ അവിടത്തെ തൊഴിലാളികളുടെ ജീവിതമാണ് നഷ്ടപ്പെടുന്നത്. സ്വകാര്യവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഒന്നാമത്തെ ഇര നമ്മുടെ സമൂഹത്തിലെ പിന്നോക്ക ദളിത് വിഭാഗങ്ങളിലെ ജീവനക്കാരാണ്. Man Study-യും Work Study-യും നടത്തി അവരെ തെരുവിലേക്ക് വലിച്ചെറിയുകയാണ്. ഈ സാഹചര്യത്തിൽ ഇതിന് ബദലായി പ്രൈവറ്റ് വ്യക്തികൾ നമ്മുടെ സമൂഹത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ അവിടെ ദളിത്-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഒരു നിശ്ചിതശതമാനം സംവരണം ഏർപ്പെടുത്താൻ ശുപാർശ ചെയ്യുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പബ്ളിക് സെക്ടറുകൾ പൂട്ടുന്ന അവസരത്തിൽ, ഡിസ്-ഇൻവെസ്റ്റ്മെന്റ് വരുന്ന അവസരത്തിൽ അതിൽ നിന്നൊക്കെ തൊഴിലാളികൾ പുറത്തുപോകുന്നുണ്ട്. സ്വകാര്യമേഖലയിൽ ഒരു പുതിയ സംവിധാനം ഉണ്ടാകണം. സ്വകാര്യമേഖലയിൽ പുതിയ ഇൻവെസ്റ്റ്മെന്റ് വേണം. അതുകൊണ്ടാണല്ലോ ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റൊക്കെ നടത്തി പുതിയ സംരംഭങ്ങൾ നമ്മൾ ആരംഭിച്ചത്. അത് വരുമ്പോൾ തൊഴിലാളികൾക്ക് ജോലി കിട്ടും. അതിൽ ഇവർക്കുകൂടി പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ആഗോളവൽക്കരണവും ഉദാരവൽക്കരണവും ജനങ്ങൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി ഒ.ഇ.സി.ഡി. രാജ്യങ്ങൾ ഓരോ ദിവസവും ഒരു മില്യൺ ഡോളറാണ് സബ്സിഡിയായി നൽകിയത്. അമേരിക്ക 2002-ൽ farm bill എന്ന പേരിൽ ഒരു നിയമ നിർമ്മാണത്തിലൂടെ കൃഷിക്കാരെ സഹായിക്കാൻ നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നപ്പോൾ 2002 ജനുവരി 16-ന് ഒരു ഉത്തരവ് വഴി സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തു. ആ സമയത്ത് 7,000 കോടി രൂപ കേരളത്തിലെ കർഷകർക്ക് നഷ്ടമുണ്ടായിരുന്നു. ഈ കവർന്നെടുത്ത തുക കൃഷിക്കാർക്ക് നൽകുമെന്നായിരുന്നു അന്ന് വ്യക്തമാക്കിയത്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 852 കോടി രൂപ കവർന്നെടുത്തു. ഇതെല്ലാം കവർന്നെടുത്തത് കൃഷിക്കാർക്കുവേണ്ടിയായിരുന്നു. ഇതിനകം എത്രതുക കൃഷിക്കാർക്ക് സബ്സിഡിയായിട്ട് ഈ സമാഹരിച്ച തുകയിൽനിന്ന് നൽകിയിട്ടുണ്ടെന്ന് വ്യകതമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതിന് വേറെ ചോദ്യം വേണം; ഇതുമായിട്ട് ബന്ധപ്പെട്ടുള്ളതല്ല.

ശ്രീ. ഷിബു ബേബി ജോൺ : സർ, ആഗോളവൽക്കരണവും ഉദാരവൽക്കരണവും യഥാർത്ഥ്യമായി എന്നു പറയുകയുണ്ടായി. ഇത് അനുകൂല ഘടകങ്ങളാക്കി ചൈന അടക്കമുള്ള രാജ്യങ്ങൾ മുന്നോട്ടുപോകുമ്പോൾ ഇതിനെ അന്ധമായി എതിർത്ത് സ്വന്തം പൊതുമുതൽതന്നെ നശിപ്പിച്ചുപോകുന്നത് വിനാശകരമാണ്. നമ്മുടെ ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളിലാണെങ്കിലും കാർഷിക മേഖലയിലാണെങ്കിലും പരമ്പരാഗത മേഖലയിലാണെങ്കിലും അവയെ മൽസരിക്കാൻ പ്രാപ്തരാക്കണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഉല്പാദനം വർദ്ധിപ്പിക്കണം, മാർക്കറ്റിൽ എത്തിക്കണം എന്ന്, ഇതാണ് ആഗോളവൽക്കരണം. ആ ഘടകങ്ങളിൽ പ്രൊഡക്റ്റിവിറ്റി കൂട്ടാനും ക്വാളിറ്റി സാധനങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിൽ എത്തിക്കാനും എന്ത് നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുക്കുന്നുയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായം വളരെ പ്രധാനപ്പെട്ടതാണ്. അത് നമുക്ക് സാധിച്ചാൽ മാത്രമേ ആഗോളവൽക്കരണത്തിന്റെ ഈ പശ്ചാത്തലത്തിൽ ലോക കമ്പോളത്തിൽ ഇന്ത്യാ രാജ്യത്തിന് കോമ്പീറ്റ് ചെയ്യാൻ പറ്റുകയുള്ളൂ. ഇന്ത്യാരാജ്യം കോമ്പീറ്റ് ചെയ്യുമ്പോൾ അക്കൂട്ടത്തിൽ കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും സാധിക്കും, quality maintain ചെയ്യുക എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് നമ്മൾ ഉണ്ടാക്കിയേപറ്റൂ.

ശ്രീ. എം. എ. വാഹീദ് : സർ, ആഗോളവൽക്കരണവും ഉദാരവൽക്കരണവും അനുകൂലമായും പ്രതികൂലമായും ബാധിച്ചു എന്നുള്ളതാണ് വസ്തുത. പ്രതികൂലമായി ബാധിച്ചതിനെ നേരിടുവാൻ 1996-ൽ കേരളത്തിൽവന്ന ഇടതുപക്ഷമുന്നണി സർക്കാരും ഇടതുമുന്നണി സർക്കാർ പിന്തുണകൊടുത്ത് കേന്ദ്രത്തിൽവന്ന അന്നത്തെ കേന്ദ്ര സർക്കാരും ഏതെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഞാൻ നേരത്തേ പറഞ്ഞത് അതാണ്. ഏത് സംസ്ഥാന ഗവൺമെന്റ് വന്നാലും സംസ്ഥാന ഗവൺമെന്റിന് അവരുടെ പ്രവർത്തനത്തിൽ പരിമിതികളുണ്ട്. ഇന്ത്യാ ഗവൺമെന്റാണ് ഇതിനൊരു അവസാന തീരുമാനം എടുക്കേണ്ടത്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് പറഞ്ഞത് ഇറക്കുമതി ചുങ്കത്തിന്റെ കാര്യത്തിൽ ഇവിടെ ആവശ്യമില്ലാത്ത സാധനങ്ങൾ പ്രത്യേകിച്ച് കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള സാധനങ്ങൾ അന്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുമ്പോൾ അതിന് കൂടുതൽ ടാക്സ് ചുമത്തേണ്ടത് ഇന്ത്യാ ഗവൺമെന്റിന്റെ ചുമതലയാണ്. എന്നാലേ മെയിന്റയിൻ ചെയ്യാൻ പറ്റുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പലതവണ ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് വിശദീകരിച്ചു. ആ റിപ്പോർട്ടിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് നമ്മുടെ മൽസരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി. എന്നാൽ ആദ്യഭാഗം ഇപ്പോൾ നടക്കുന്ന ലോകവ്യാപാരവുമായി ബന്ധപ്പെട്ട ചർച്ചയിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യ സർക്കാർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചാണ്. ഈ നടപടികൾ കേന്ദ്ര സർക്കാരിനെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് കേരള സർക്കാർ എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? ആ നിർദ്ദേശങ്ങളിൽ ഏതെങ്കിലുമൊന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നമ്മൾ ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റ് ഒരു നിവേദനം നൽകി. അത് എന്തു ചെയ്യുമെന്ന് നമുക്ക് ആലോചിക്കേണ്ടതാണ്. ഒരു കാര്യം വളരെ ഉറപ്പാണ്. ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഡോക്ടർ തോമസ് ഐസക്ക് പറഞ്ഞകൂട്ടത്തിൽ 1, 2, 3, 4 പ്രധാനപ്പെട്ട വിഷയങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ഏതൊക്കെ അനുകൂലമാക്കി എടുക്കാൻ സാധിക്കുമെന്നു പരിശോധിച്ച് നമുക്ക് എടുക്കാം.

ശ്രീ. എ. സുജനപാൽ : സർ, ആഗോളവൽക്കരണത്തിന്റെ ദോഷങ്ങൾ ഏറ്റവുംകൂടുതൽ ബാധിച്ചിട്ടുള്ളത് പരമ്പരാഗത വ്യവസായങ്ങളെയാണെന്ന് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. അതിൽ പലരും ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വളരെ സമഗ്രമായിട്ടുള്ള ഒരു റിപ്പോർട്ടാണ് ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. Commission on WTO concern in agriculture പരമ്പരാഗത വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് പഠിക്കാൻവേണ്ടി ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് report സമർപ്പിക്കാൻവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കുമോ ? ആ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനുള്ളിൽ ഏതെല്ലാം പെടുമെന്നും അതിൽ നമുക്ക് ഏതെല്ലാം ഇംപ്ളിമെന്റ് ചെയ്യാൻ സാധിക്കുമെന്നത് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, ആഗോളവൽക്കരണ നയം നടപ്പിലാക്കിയ മൂന്നാം ലോകരാഷ്ട്രങ്ങൾ ബഹുഭൂരിഭാഗവും തകർച്ചയുടെ വക്കിലാണ്. ആ തകർച്ചയുടെ വക്കിലും ഇവിടെ ചർച്ച ചെയ്യുന്നത് കാർഷികമേഖല, ഇവിടെ മന്ത്രി ഉത്തരം പറയുന്ന ചോദ്യങ്ങൾ മുഴുവൻ ഇംപോർട്ട് ഡ്യൂട്ടി കൂട്ടുന്നതിനെ

പറ്റിയാണ്. സെപ്റ്റംബറിൽ നടക്കുന്ന ഡബ്ള്യു.ടി.ഒ. സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി ഏറ്റവും ശക്തമായി മുതലാളിത്ത രാഷ്ട്രങ്ങൾ മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശമെന്നുപറയുന്നത് കാർഷികമേഖലയും തുറന്നു കൊടുക്കണമെന്നാണ്. ഈ ആഗോളവൽക്കരണ നയംകൊണ്ട് മൂന്നാംലോക രാഷ്ട്രങ്ങൾ മുഴുവൻ തകർന്ന് ഇപ്പോൾത്തന്നെ കാർഷിക മേഖല ഓപ്പൺ ചെയ്യാതിരുന്നിട്ടും കാർഷികമേഖലയിൽ തകർച്ചയാണ്. ആ നിലയ്ക്ക് സെപ്റ്റംബറിൽ നടക്കുന്ന ഡബ്ള്യൂ.ടി.ഒ. സമ്മേളനത്തിൽ കാർഷികമേഖല തുറന്നുകൊടുക്കാൻ തീരുമാനിക്കുക എന്നു പറഞ്ഞാൽ കേരളവും ഭാരതവും തകർന്നുയെന്നാണ്. ആ നിലയ്ക്ക് ഈ കാര്യം കേരളത്തിന്റെ വികാരമാക്കി മാറ്റിക്കൊണ്ട് കാർഷിക മേഖല യാതൊരു കാരണവശാലും തുറന്നുകൊടുക്കാൻ പാടില്ലായെന്ന നയം ശക്തിയായി ഡബ്ള്യു.ടി.ഒ.-യിൽ ഉന്നയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ അതാണ് പറഞ്ഞത് സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള കാര്യങ്ങൾ ഏതൊക്കെ ആണെന്നുള്ളത് കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്താം. ഇത് ഉൾപ്പെടുത്താം.

ഗ്രാമവികസന വകുപ്പിനുകീഴിൽ നടപ്പാക്കിയ കേന്ദ്രപദ്ധതികൾ

2 (*751) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽവരുന്ന ഏതെല്ലാം കേന്ദ്ര പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് എത്ര കോടി രൂപ വീതമാണ് പ്രസ്തുത ഓരോ പദ്ധതിക്കും ലഭിച്ചത് ; എത്ര കോടി രൂപ വീതം ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചു ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിൽ ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രപദ്ധതി പ്രകാരം ഗ്രാമീണജനതയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും തുക ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ ഓരോവർഷവും വിവിധ പദ്ധതികൾക്കുവേണ്ടി എത്രകോടി രൂപ വീതം ചെലവഴിക്കുകയുണ്ടായി ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ,

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ് :

LIBRARY ARCHIVES Kerala Legislative Assembly